**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4708** **29-10-2021 - ൽ മറുപടിയ്ക്ക്**

**ബയോഫ്ലോക്സ് മത്സ്യ കൃഷി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബയോഫ്ലോക്സ് മത്സ്യ കൃഷി രീതി വ്യാപകമാകുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ബയോഫ്ളോക് മത്സ്യകൃഷി രീതി വ്യാപകമാക്കുന്നതിനു വേണ്ടി നിലവിൽ 2021-22 സാമ്പത്തിക വർഷത്തെ 'സുഭിക്ഷകേരളം - ജനകീയ മത്സ്യകൃഷി' പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഫ്ളോക് കൃഷിരീതി നടപ്പിലാക്കുന്നതിന് 1252.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. ക്രമ നം. മത്സ്യകൃഷി രീതി യൂണിറ്റ് ധന സഹായം (ലക്ഷ ത്തിൽ) 1 ബയോഫ്ളോക്ക് കൃഷി(20 m3) 3380 യൂണിറ്റ് 458.16 2 ബയോഫ്ളോക്ക് കൃഷി(50 m3) 75 യൂണിറ്റ് 78.75 3 ബയോഫ്ളോക്ക് കൃഷി(160 m3) 490 യൂണിറ്റ് 716.00 കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 30 കോടി രൂപ അടങ്കൽ തുക വരുന്ന 400 ബയോഫ്ളോക് കൃഷി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ മത്സ്യകൃഷി നടത്തുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ബയോഫ്ളോക് കൃഷി രീതി ഉൾപ്പെടെയുള്ള ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി- സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% വും ധനസഹായമായി നൽകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. ക്രമ നം. മത്സ്യകൃഷി രീതി യൂണിറ്റ് കോസ്റ്റ് (ലക്ഷത്തിൽ) ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി തുക (ലക്ഷ ത്തിൽ) 1. ബയോഫ്ളോക്ക് കൃഷി(20 m3) 1.38/യൂണിറ്റ് 0.552 (40%) 2. ബയോഫ്ളോക്ക് കൃഷി(50 m3) 3.75/യൂണിറ്റ് 1.50 |

| | | | |
|---|---|---|---|
| | | | (40%) 3. ബയോഫ്ളോക്ക് കൃഷി(160 m3) 7.50/ യൂണിറ്റ് 3.00 (40%) ഇതിനുപുറമെ ബയോഫ്ളോക് മത്സ്യകൃഷി പോലെയുള്ള നൂതന മത്സ്യകൃഷിരീതികൾക്ക് സാങ്കേതിക പരിജ്ഞാനം ആവശ്യമായതിനാൽ Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരും ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിദഗ്ധരും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് ഓൺലൈനായും നേരിട്ടും പരിശിലനം സംഘടിപ്പിക്കുന്നുണ്ട്. കർഷകർക്ക് ഫീൽഡ് തല സഹായത്തിനായി അക്വാകൾച്ചർ പ്രൊമോട്ടർമാരെയും പ്രോജക്ട് കോ ഓർഡിനേറ്റർമാരെയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ ഏതെല്ലാം ഏജൻസികളാണ് പങ്കാളികളായിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധർ മത്സ്യകർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകി വരുന്നു. കൂടാതെ മത്സ്യകൃഷിക്കാവശ്യമായ മത്സ്യവിത്ത് വിതരണം ചെയ്തുവരുന്നത് Agency for Development of Aqua culture (ADAK) എന്ന സ്ഥാപനം മുഖേനയാണ്. കൂടാതെ സുഭിക്ഷകേരളം പദ്ധതിയിലെ ബയോഫ്ളോക് കൃഷി (20 m3) യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടും കൂടിയാണ് നടപ്പിലാക്കുന്നത്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ പദ്ധതികളിൽ ഉൾപ്പെടുത്തി ഇത് വ്യാപകമാകുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ കുടുംബശ്രീ പദ്ധതികളിൽ ഉൾപ്പെടുത്തി ബയോഫ്ലോക്സ് മത്സ്യ കൃഷി വ്യാപകമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൾനാടൻ മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലറ്റുകൾ നടപ്പ് സാമ്പത്തികവർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 50 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവീസ് സഹകരണ ബാങ്ക് / സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജന |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ